# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 528 : 27/09/2011 -ൽ മറുപടിക്ക്**

**ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നടപടി**

**ചോദ്യം** | **ഉത്തരം**

**ശ്രീ. കെ. രാധാകൃഷ്ണൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:<br>1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>2. ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.<br>3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.<br>4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു. പ്രോജക്ട് കോസ്റ്റിന്റെ 20% പരമാവധി 3 ലക്ഷം രൂപ ഇവർക്ക് ഗ്രാന്റായി നൽകുന്നു.<br>5. ഏകജാലക സംവിധാന ങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) |

| | | | |
|---|---|---|---|
| | | | ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ.<br>6. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നടത്തുക.<br>7. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുക.<br>8. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുക.<br>9. ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ, സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br>11. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br>12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br>14. സാങ്കേതിക വിദ്യാ വികസന നിധി.<br>15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ |

| | | | |
|---|---|---|---|
| | | | സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജന പ്പെടുത്തുന്നു.<br><br>17. വ്യവസായം തുടങ്ങുന്നതിനാ വശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>18. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പുതിയ നയങ്ങൾ ആവിഷ്ക്കരിച്ചിട്ടു ണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സർക്കാരിന്റെ പുതിയ വ്യവസായ നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട് |
| (സി) | ചെറുകിട വ്യവസായ സംരംഭ ങ്ങൾക്കാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിലുള്ള പദ്ധതികൾ ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുവാൻ പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ